കേരള വെറ്ററിനറി റിസർച്ച് കൗൺസിൽ

* 856. [22] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി റിസർച്ച് കൗൺസിൽ രൂപീകരിച്ചുവോ എന്നാണ് ;

(ബി) അതിന്റെ ഉദ്ദേശങ്ങൾ എന്തെല്ലാം ;

(സി) ഈ കൗൺസിൽ രൂപീകരിച്ചതിനുശേഷം എന്തെല്ലാം ഗവേഷണ പരീക്ഷണങ്ങൾ അവിടെ നടത്തിയിട്ടുണ്ട് ;

(ഡി) ഈ കൗൺസിലിന്റെ സെക്രട്ടറിയുടെ നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഇതുസംബന്ധിച്ച് ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് നിർദ്ദേശം ;

(എഫ്) ഏതെങ്കിലും സർവ്വീസ് സംഘടനവഴി മൃഗസംരക്ഷണ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി എടുത്തു ;

(ജി) ഈ കൗൺസിലിനു ഈ വർഷത്തേക്കു എത്ര തുക പ്രതീക്ഷിച്ചുവെന്നും ഇനംതിരിച്ചുള്ള കണക്കും പറയാമോ ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) 9-9-1963-ൽ രൂപീകരിച്ചു.

(ബി) കൗൺസിലിന്റെ ഉദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ഗവേഷണ പദ്ധതികളുടെ പ്രവർത്തനത്തിനു രൂപം കൊടുക്കുക.
2. ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
3. സാങ്കേതിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ ഫലങ്ങളെക്കുറിച്ചു പഠനം നടത്തുക.
4. മൃഗസംരക്ഷണവും മൃഗചികിത്സയും സംബന്ധിച്ച ഗവേഷണ പരിപാടികളുടെ ആസൂത്രണവും ചർച്ചയും ചെയ്യുക.
5. സംസ്ഥാനത്തു നടത്തപ്പെടുന്ന ഗവേഷണ പരിപാടികളെ സംബന്ധിച്ചു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നും രേഖകളും ശേഖരിക്കുക.
6. ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനെസംബന്ധിച്ച തത്വങ്ങൾ ആവിഷ്കരിക്കുക.
7. ഗവേഷണ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളെ വിലയിരുത്തുകയും പ്രവർത്തനഫലങ്ങളെ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

(സി) ഈ കൗൺസിൽ രൂപീകരിച്ചതിനുശേഷം താഴെപ്പറയുന്ന ഗവേഷണ പരിപാടികൾ വെറ്ററിനറി കോളേജിൽ നടത്തിവരുന്നു.

1. Study of Myotic Diseases in Animals and birds.
2. Studies on Cholesterol levels in domestic animals.
3. Investigations on Echniostome infestation and its Zoonotic importance.

LIBRARY ARCHIVES Kerala Legislative Assembly

4. Pathogenicity trials of Pasteurella strains in domestic animals.
5. Nutritional studies in cotton seed.
6. Studies on physiological norms in relation to environment.
7. Experimental hydronephrosis in canines.
8 Studies on Avian Gout.
9. Effects of Diluents an keeping quality of the semen of domestic animals.
10. Respiratory diseases of birds.

(ഡി) ഈ കൗൺസിലിന്റെ സെക്രട്ടറിയുടെ നിയമനം നടത്തിയിട്ടില്ല. ചില സാങ്കേതിക തടസ്സങ്ങൾകൊണ്ടാണ് നിയമനം ഇതുവരെ നടത്താതിരുന്നത്.

(ഇ) സെക്രട്ടറിയുടെ നിയമനം ഉടനെ നടത്തുവാൻ ഗവണ്മെന്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മിനിസ്ട്രിയൽ സ്റ്റാഫിൽനിന്നും സീനിയറായ ഒരുദ്യോഗസ്ഥനെ ഉടൻതന്നെ നിയമിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) മറ്റു ചില ആവശ്യങ്ങളുടെ കൂട്ടത്തിൽ ഇതിനെപ്പറ്റിയും പരാതിപ്പെട്ടിട്ടുണ്ട്. (ഇ) യുടെ വെളിച്ചത്തിൽ ഈ ഉപചോദ്യം ഉദിക്കുന്നില്ല.

(ജി) ഗവണ്മെന്റ് നിർദ്ദേശപ്രകാരം 1,000 രൂപ കേരള വെറ്റിനറി അസോസിയേഷനു കൗൺസിൽ അപ്രൂവുചെയ്ത റിസർച്ചു പേപ്പേഴ്സ് പബ്ലിഷ് ചെയ്യുന്നതിനായി ഗ്രാന്റായി കൊടുത്തതൊഴികെ കൗൺസിലിന്റെ പ്രത്യേക കണക്കിൽ വേറെ യാതൊരുവക ചെലവും ഈ വർഷത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. എൻ. രാഘവൻ നായർ : ഇതിന്റെ ചെയർമാൻ ആരാണെന്നു പറയാമോ ?

ശ്രീ. ഇ. പി. പൗലോസ് : എന്റെ കൈയിൽ ഇപ്പോൾ ആ വിവരമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : കൗൺസിൽ രൂപീകരിച്ച അവസരത്തിൽ അതിന്റെ സെക്രട്ടറി ആരായിരിക്കണമെന്നു നിർദ്ദേശം കൊടുത്തിരുന്നോ ; മിനിസ്ട്രിയൽ വിഭാഗത്തിൽപ്പെട്ട ഒരാളായിരിക്കണമെന്നു അവസാനമാണോ ഉത്തരവു കൊടുത്തത് ?

ശ്രീ. ഇ. പി. പൗലോസ് : നിർദ്ദേശം കൊടുത്തത് എന്നാണെന്നു ഇപ്പോൾ നിശ്ചയമില്ല. ആദ്യത്തെ ജി. ഒ. യിൽ അങ്ങനെ ഒരാളെ സെക്രട്ടറിയാക്കണമെന്നു ഉണ്ടായിരുന്നോ എന്നു നിശ്ചയമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : മിനിസ്ട്രിയൽ വിഭാഗത്തിൽപ്പെട്ട ഒരാളെ സെക്രട്ടറി ആക്കേണ്ടതാണെന്നു നിർദ്ദേശം കൊടുത്തിട്ട് അതു ഈ നിമിഷംവരെ നടപ്പിലാക്കിയിട്ടില്ലെന്നുള്ളതല്ലേ വസ്തുത ?

ശ്രീ. ഇ. പി. പൗലോസ് : അതു അന്വേഷിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ : അങ്ങനെ ആദ്യം കൊടുത്തിട്ടുള്ള നിർദ്ദേശത്തിൽ മിനിസ്ട്രിയൽ വിഭാഗത്തിൽപ്പെട്ട ഒരാളെ ആക്കണമെന്നുണ്ടെങ്കിൽ ഇതുവരെ അതു നടപ്പിലാക്കാതിരുന്ന എന്നുള്ള വസ്തുത പരിഗണിച്ച് അതു നടപ്പിലാക്കാതിരുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : മനഃപൂർവ്വം ഗവണ്മെന്റിന്റെ നിർദ്ദേശം ധിക്കരിച്ച് പ്രവർത്തിച്ചിട്ടുണ്ടോ എന്നു അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly